➪ *'ഇരുതോണിയിലും കാലുവെക്കുന്ന' നിലപാടാണ് സമിതി സ്വീകരിച്ചിരിക്കുന്നത്* ➪

# കസ്തൂരിരംഗൻ കുതിരയെ നവീകരിച്ച് കഴുതയാക്കി

തങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യത്തിൽ നിന്നും ബുദ്ധിപരമായി വഴുതിമാറിക്കൊണ്ട് അധികാരപ്രക്രിയയെ പരിഹസിക്കുകയാണ് കസ്തൂരിരംഗൻ കമ്മറ്റി ചെയ്തിരിക്കുന്നത്. അതിരപ്പിള്ളി ജലവൈദ്യുതപദ്ധതിയെ സംബന്ധിച്ച് കമ്മറ്റി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

**ജി. കൃഷ്ണൻ**

**ദൈവം** ആദ്യം ഒരു കുതിരയെ സൃഷ്ടിച്ചു. ആ സൃഷ്ടിയെ മെച്ചപ്പെടുത്താനായി അദ്ദേഹത്തിന്റെ തന്നെ ഉപദേശകരെ ചുമതലപ്പെടുത്തിയപ്പോൾ അവർ കുതിരയെ നവീകരിച്ച് ഒരു കഴുതയാക്കി!. എന്നു പറഞ്ഞതു പോലെയാണ് കസ്തൂരിരംഗൻ കമ്മറ്റിയുടെ കാര്യം. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ പശ്ചിമഘട്ട പാരിസ്ഥിതിക വിദഗ്ദ്ധപാനൽ (WGEEP) തയ്യാറാക്കിയ റിപ്പോർട്ട് പുനഃപരിശോധിക്കാൻ നിയോഗിക്കപ്പെട്ട സമിതിയായിരുന്നു പശ്ചിമഘട്ട പ്രവർത്തനസമിതി അഥവാ HLWG. എന്നാൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ രീതികൾ അറിയാവുന്ന ഒരാൾക്കും ഇക്കാര്യത്തിലദ്ഭുതമൊന്നുമുണ്ടാകാനിടയില്ല. പശ്ചിമഘട്ടപരിസ്ഥിതിക്ക് കോട്ടം തട്ടാത്ത തരത്തിൽ സുസ്ഥിരമായ, സന്തുലിതമായ, സമഗ്രവികസനസമീപനരേഖ നിർദ്ദേശിക്കാനാണ് കസ്തൂരിരംഗൻ സമിതിയെ ചുമതലപ്പെടുത്തിയതെങ്കിലും രഹസ്യമായി ഗാഡ്ഗിൽ കമ്മറ്റി നിർദ്ദേശങ്ങളിൽ വെള്ളം ചേർത്ത് മറ്റ് പ്രബലതല്പരകക്ഷികളെ പ്രീതിപ്പെടുത്തുക എന്നതായിരുന്നു ഇവരുടെ അപ്രഖ്യാപിതലക്ഷ്യം. ഈ റിപ്പോർട്ട് വിശദമായി വായിച്ച ഒരാൾക്ക് കസ്തൂരിരംഗനും സംഘവും ഇതിൽ വിജയിച്ചുവെന്നും മനസ്സിലാകും.

അതിരപ്പിള്ളി ജലവൈദ്യുതപദ്ധതിയെ സംബന്ധിച്ച് കമ്മറ്റി നൽകിയ നിർദ്ദേശങ്ങൾ ഓരോരുത്തർക്കും ഇഷ്ടാനുസരണം വ്യാഖ്യാനിക്കാൻ കഴിയാവുന്ന തരത്തിൽ അവ്യക്തവും അപൂർണ്ണവുമാണ്. ഗാഡ്ഗിൽ കമ്മറ്റി പദ്ധതി വേണ്ട എന്ന് വ്യക്തമാക്കിയപ്പോൾ 'ഇരുതോണിയിലും കാലുവെക്കുന്ന' നിലപാടാണ് കസ്തൂരിരംഗൻ സമിതി സ്വീകരിച്ചിരിക്കുന്നത്. സ്വാഭാവികമായും പല സമ്മർദ്ദങ്ങളും കാരണം സമിതി പദ്ധതിക്ക് ചുവന്ന സിഗ്നലോ പച്ചക്കൊടിയോ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമായിട്ടില്ല. ഈ അവ്യക്തതയാണ് കസ്തൂരിരംഗൻ സമിതി അതിരപ്പിള്ളി പദ്ധതി വേണ്ടെന്ന് പറഞ്ഞിട്ടില്ലെന്നും അതിനാൽ ഗവൺമെന്റ് ഒരിക്കൽ കൂടി പരിസ്ഥിതി മന്ത്രാലയത്തെ അനുമതിക്കായി സമീപിക്കുമെന്നും പറയാൻ കേരളാമുഖ്യമന്ത്രിയെ പ്രേരിപ്പിച്ചത്. എന്നാൽ റിപ്പോർട്ട് സസൂക്ഷ്മം വായിക്കാതെയും മനസ്സിലാക്കാതെയുമാണ് ഇത്തരത്തിലൊരു പ്രസ്താവന അദ്ദേഹം കണ്ണുമടച്ച് നടത്തിയത്. കാരണം അ

തിരപ്പിള്ളി പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകരുതെന്ന് കസ്തൂരിരംഗൻ റിപ്പോർട്ടിൽ പലയിടത്തും പറയാതെ പറയുന്നുണ്ടെന്ന് റിപ്പോർട്ട് മുഴുവൻ വായിച്ചാൽ മനസ്സിലാകും.

1. കമ്മറ്റി പരിസ്ഥിതി ലോലമേഖലയായി കണ്ടെത്തിയിരിക്കുന്ന പ്രദേശത്താണ് നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതി നിലനിൽക്കുന്നത്. പരിസ്ഥിതിലോലമേഖലയിൽ സ്ഥാപിക്കപ്പെടുന്ന ജലവൈദ്യുതപദ്ധതികൾ അതീവജാഗ്രതയോടെ മാത്രമേ മുന്നോട്ടുകൊണ്ടുപോകാനാവൂ എന്ന് കമ്മറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

2. പുഴയിലെ ജീവൻ നിലനിർത്താനാവശ്യമായ നീരൊഴുക്കിനെക്കുറിച്ച് ഇപ്പോഴും അനിശ്ചിതത്വം നിലനിൽക്കുന്നു. ക്രമം തെറ്റിയ മൺസൂൺ മഴ മൂലം ഭാവിയിൽ ചാലക്കുടിപ്പുഴയിലുണ്ടായേക്കാവുന്ന ജലദൗർലഭ്യത്തെക്കുറിച്ച് 136-ാം പേജിൽ സമിതി ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. കൂടാതെ പദ്ധതിയുടെ ഊർജ്ജോല്പാദനശേഷി, പ്രതീക്ഷിത ക്ഷമത എന്നിവയെക്കുറിച്ച് പുനഃപരിശോധന വേണമെന്നും സമിതി പറയുന്നു. ഏറ്റവും പ്രധാനമായി പേജ് 16-ൽ കേന്ദ്ര ഊർജ്ജമന്ത്രാലയത്തോടും ഇന്ത്യാഗവൺമെന്റിനോടും പദ്ധതിയുടെ ആവശ്യകത വീണ്ടും പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പേജ് 95-97 വരെ വന്യജീവിത്താരകളുടെ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. അതിരപ്പിള്ളി പദ്ധതി വന്നാൽ മുങ്ങിപ്പോകുന്ന പ്രദേശം ഇത്തരത്തിൽ വന്യജീവിത്താരയാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നത് പ്രത്യേകം ഓർക്കേണ്ടതാണ്.



**ഗാഡ്ഗിൽ റിപ്പോർട്ടിൽ അതിരപ്പിള്ളി പദ്ധതി പരിസ്ഥിതി, കുടിവെള്ളലഭ്യത, ജലസേചനം എന്നിവയെയെല്ലാം ദോഷകരമായി ബാധിക്കുമെന്നതിനാൽ ഒട്ടും അഭിലഷണീയമല്ല എന്ന് പറയുമ്പോൾ കസ്തൂരിരംഗൻസമിതി ഇക്കാര്യത്തിൽ പൂർണ്ണനിശ്ശബ്ദത പാലിച്ചിരിക്കുന്നു**

മാത്രമല്ല, പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോലമേഖലയിൽ വരുന്ന ഏതൊരു ജലവൈദ്യുതപദ്ധതിയും താഴെ പറയുന്ന ചില നിയമങ്ങൾക്ക് വിധേയമാക്കണമെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

1. ഭാവിയിൽ ജലവൈദ്യുതപദ്ധതികൾ പരിഗണിക്കുമ്പോൾ ഒരു സഞ്ചിത ആഘാതപഠനം നടത്തി പുഴകളിലെ നീരൊഴുക്കിന്റെ രീതി, കാടിനും ജൈവവൈവിധ്യത്തിനുമുണ്ടാകുന്ന നഷ്ടം എന്നിവ കണക്കാക്കേണ്ടതാണ്. കാരണം ഈയിടെ നിരവധി പദ്ധതികൾ ഇത്തരത്തിലുള്ള ആഘാതങ്ങൾ പരിഗണിക്കാതെയാണ് നടപ്പിലാക്കുന്നത്.

2. ഓരോ പുഴകളിലും അവയുടെ പാരിസ്ഥിതികധർമ്മം പാലിക്കാൻ വേണ്ട നീരൊഴുക്ക് എത്രയെന്ന് നിശ്ചയിച്ചുകൊണ്ടുള്ള പഠനം നടത്തും വരെ ജലവൈദ്യുതപദ്ധതികൾ നടപ്പാക്കുമ്പോൾ വേനൽക്കാലത്ത് പുഴകളിലെ നീരൊഴുക്ക് 30 ശതമാനമായി നിലനിർത്തണം.

3. ഊർജ്ജം, വൈദ്യുതി എന്നിവയുടെ ഉല്പാദനച്ചെലവ് നിർണ്ണയിക്കുന്നതോടൊപ്പം ജലത്തിന്റെ ചെലവും നിർബന്ധമായി കണക്കാക്കണം.

4. ഒരു ജലവൈദ്യുതപദ്ധതിയുടെ സാധുത പരിശോധിക്കുമ്പോൾ അതിന്റെ പാരിസ്ഥിതിക-സാമൂഹ്യ-സാംസ്കാരിക ആരോഗ്യം കണക്കിലെടുത്ത് അതുകൂടി പദ്ധതിച്ചെലവിലേക്ക് ചേർക്കണം.

5. ഏറ്റവും പ്രധാനമായി റിപ്പോർട്ടിൽ പറയുന്നു, "ഇന്ത്യൻനദികൾ കേവലം പാരിസ്ഥിതികധർമ്മം മാത്രം നിർവ്വഹിക്കുന്നവയല്ല. അവ ജനങ്ങളുടെ പ്രാദേശികജീവനോപാധിയും പോഷകകലവറയും ജലസുരക്ഷയും ഉറപ്പുവരുത്തുന്ന ജീവനാഡികളാണ്. വൈദ്യുതി മാത്രം ഉല്പാദിപ്പിക്കാനായി പുഴയെ ഉപയോഗിക്കുന്നത് അംഗീകരിക്കാനാവില്ല. മാത്രമല്ല, പുഴയുടെ മേൽത്തടങ്ങളിൽ പ്രത്യേകിച്ചും പുഴയെ നന്നായി കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ അത് വൈദ്യുതോല്പാദന ക്ഷമത മാത്രം മുൻനിർത്തിയാണ്". അതായത് ഈയൊരാവശ്യം മാത്രം പരിഗണിക്കുന്നത് ആശാവഹമല്ല എന്ന് റിപ്പോർട്ട് കൂട്ടി

ചേർക്കുന്നു.

6. 125-ാമത്തെ പേജിൽ "പരിസ്ഥിതിലോല മേഖലയിൽ വരുന്ന ഗ്രാമങ്ങൾക്ക് വരാനിരിക്കുന്ന പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കാൻ അധികാരമുണ്ട്. എതിർപ്പില്ല എന്ന ഗ്രാമസഭയുടെ സർട്ടിഫിക്കറ്റും മുൻകൂർസമ്മതവും പദ്ധതികൾക്ക് ആവശ്യമാണ്. വനാവകാശനിയമപ്രകാരവും പദ്ധതികൾക്കായുള്ള മുൻകൂർസമ്മതം കർശനമായി നടപ്പിലാക്കേണ്ടതാണ്". അതായത് ഗാഡ്ഗിൽ സമിതി പറഞ്ഞതുപോലെ കസ്തൂരിരംഗൻ സമിതിയും പറയുന്നത് വാഴച്ചാലിലെയും പൊകലപ്പാറയിലെയും ആദിവാസിക്കോളനികളിലെയും അവരുടെ ഗ്രാമസഭകളിലെ ആളുകളുടെയും സമ്മതമില്ലാതെ അതിരപ്പിള്ളി പദ്ധതി നടപ്പാക്കാനാകില്ലെന്നാണ്.

7. റിപ്പോർട്ടിന്റെ 98-ാം പേജിൽ പറയുന്നു, "ഈ റിപ്പോർട്ട് അത്യന്തം ഗൗരവമേറിയതും അടിയന്തിരവുമായ ഒന്നാണ്. പശ്ചിമഘട്ടത്തിലെ ബാക്കിയുള്ള ജൈവസമ്പന്നവും വൈവിധ്യമാർന്നതുമായ മേഖലകളെ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അവഗണിച്ചുകൂടാത്ത നാശത്തിന്റെ വക്കിലാണ് നാം. ലോകത്തിലെ എണ്ണപ്പെട്ട ജൈവവൈവിധ്യകേന്ദ്രങ്ങളിലൊന്നായ പശ്ചിമഘട്ടത്തിൽ അതുകൊണ്ട് തന്നെ ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ടു മാത്രമേ ഭാവി ആസൂത്രണങ്ങളും നിയന്ത്രണങ്ങളുമൊക്കെ തീരുമാനിക്കാനാവൂ".

മേൽപ്പറഞ്ഞ കാര്യങ്ങൾ വ്യാഖ്യാനിച്ചാൽ അതിരപ്പിള്ളി പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകുന്ന കാര്യത്തിൽ കസ്തൂരിരംഗൻ സമിതിയും വിസമ്മതിക്കുകയാണെന്ന് കൂട്ടിവായിക്കാവുന്നതാണ്. അതോടൊപ്പം ചില കാര്യങ്ങൾ ഉൾപ്പെടുത്തിയതിലും മറ്റ് ചിലവ ഒഴിവാക്കിയതിലും സമിതിക്ക് കുറ്റബോധമുള്ളതായും ഈ റിപ്പോർട്ട് വായിക്കുന്ന ഒരാൾക്ക് തോന്നാം. ഏറ്റവും ഖേദകരവും വിരോധാഭാസവുമായ കാര്യം പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതികസംരക്ഷണത്തിനായി വേണ്ട നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കാൻ MoEF നിയോഗിച്ച ഒരു സമിതി അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതികപ്രശ്നങ്ങളെ നിസ്സാരവല്കരിച്ചുവെന്നാണ്. വിവിധ പരിസ്ഥിതിവിദഗ്ദ്ധരും ഗവേഷണസ്ഥാപനങ്ങളുമെല്ലാം പഠിച്ച് 24-ഓളം പ്രത്യേകതകൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ച അതിരപ്പിള്ളി-വാഴച്ചാൽ മേഖലയെക്കുറിച്ച് വലിയ പരാമർശങ്ങളില്ലെന്ന് മാത്രമല്ല, 21, 36 പേജുകളിൽ 'ചില ജീവിവർഗ്ഗങ്ങളുടെ നാശം' എന്ന് മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ!.

ഗാഡ്ഗിൽ റിപ്പോർട്ടിൽ അതിരപ്പിള്ളി പദ്ധതി പരിസ്ഥിതി, കുടിവെള്ളലഭ്യത, ജലസേചനം എന്നിവയെയെല്ലാം ദോഷകരമായി ബാധിക്കുമെന്നതിനാൽ ഒട്ടും അഭിലഷണീയമല്ല എന്ന് പറയുമ്പോൾ കസ്തൂരിരംഗൻ സമിതി ഇക്കാര്യത്തിൽ പൂർണ്ണനിശ്ശബ്ദത പാലിച്ചിരിക്കുന്നു. നിർദ്ദിഷ്ട പദ്ധതിപ്രദേശത്തുൾപ്പെട്ട ആദിവാസിക്കോളനികളെക്കുറിച്ചും റിപ്പോർട്ടിൽ പരാമർശമില്ല. എന്നാൽ വനാവകാശനിയമത്തിന്റെ കർശനമായ നടപ്പാക്കലിനെക്കുറിച്ച് പറയുന്ന കമ്മറ്റി എന്തുകൊണ്ട് ഈ ഇരട്ടത്താപ്പ് നയമെടുക്കുന്നു?

കേന്ദ്ര പരിസ്ഥിതി-ഊർജ്ജ മന്ത്രാലയങ്ങളുടെ ആവശ്യപ്രകാരം അതിരപ്പിള്ളി പദ്ധതിയുടെ സാധുത വിലയിരുത്തുന്നതിൽ കസ്തൂരിരംഗൻ കമ്മറ്റി പരാജയപ്പെട്ടിരിക്കുന്നുവെന്നത് വ്യക്തമാണ്. എന്നാൽ പദ്ധതിപ്രദേശത്തെ ജനങ്ങളുമായും കെ എസ് ഇ ബി, കെ.എഫ്.ആർ.ഐ, വനംവകുപ്പ്, പഞ്ചായത്ത്, ആദിവാസികൾ, സന്നദ്ധസംഘടനകൾ എന്നിവരുമായും ആശയവിനിമയം നടത്തിയ ഗാഡ്ഗിൽ സമിതി ഒരു കാരണവശാലും അതിരപ്പിള്ളി വൈദ്യുതപദ്ധതി പാരിസ്ഥിതാകാനുമതി അർഹിക്കുന്നില്ലെന്ന് വ്യക്തമായി പറയുന്നു. കസ്തൂരിരംഗൻ സമിതിയാകട്ടെ പദ്ധതി, ചില കാര്യങ്ങളെ മുൻനിർത്തി പുന:പരിശോധനയ്ക്ക് ശേഷം MoEF നെ അനുമതിക്കായി വീണ്ടും സമീപിക്കാവുന്നതാണെന്നും കമ്മറ്റി നിർദ്ദേശിക്കുന്നു. രസകരമായ മറ്റൊരു കാര്യം MoEF ഇത്തരം പഠനങ്ങളോ പരിശോധനകളോ നടത്താറില്ലെന്നതാണ്. അതായത് കെ.എസ്.ഇ.ബിയോ അവർ വിലയ്ക്കെടുക്കുന്ന ഏജൻസികളോ പഠനം നടത്തും, അനുകൂലമായ റിപ്പോർട്ടും നൽകും. ന്യായാധിപൻ കുറ്റവാളിയോട് വിധി പ്രഖ്യാപിക്കാൻ പറയുമ്പോലെ!.

അതിരപ്പിള്ളി പദ്ധതിയെക്കുറിച്ച് ഗാഡ്ഗിൽ കമ്മറ്റി നൽകിയിട്ടുള്ള ഒരൊറ്റ നിരീക്ഷണം പോലും തിരുത്താൻ കസ്തൂരിരംഗൻ കമ്മറ്റിക്കായിട്ടില്ല എന്നതും ശ്രദ്ധേയമാണ്. മാത്രമല്ല, ഗാഡ്ഗിൽ റിപ്പോർട്ടും തങ്ങളുടെ റിപ്പോർട്ടും കൂടി പരിഗണിച്ച് മാത്രമേ അന്തിമതീരുമാനത്തിലെത്താവൂ എന്നും ആമുഖത്തിൽ പറയുന്നു. തങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യത്തിൽ നിന്നും ബുദ്ധിപരമായി വഴുതിമാറിക്കൊണ്ട് അധികാരപ്രക്രിയയെ പരിഹസിക്കുകയാണ് കസ്തൂരിരംഗൻ കമ്മറ്റി ചെയ്തിരിക്കുന്നത്. ■